K25U 0950

Reg. No. : ...............................

Name : ..................................

# IV Semester B.A./B.Sc. Degree (C.B.C.S.S.-OBE – Regular/ Supplementary/Improvement) Examination, April 2025
## (2019 to 2023 Admissions)
## ADDITIONAL COMMON COURSE IN MALAYALAM
## 4A10MAL : ദൃശ്യകലാസാഹിത്യം

Time : 3 Hours                                                                                    Max. Marks : 40

I. താഴെ തന്നിരിക്കുന്ന **4** ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) ''നാടകീയ ലക്ഷണങ്ങൾ ഒത്തിണങ്ങിയ ഒരു ദൃശ്യകാവ്യമാണ് നളചരിതം'' – നളചരിതം രണ്ടാം ദിവസത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

2) പരിഹാസഭാവേനയുള്ള സാമൂഹ്യവിമർശനമാണ് തുള്ളലിനെ ജനകീയമാക്കുന്ന ഘടകങ്ങളിലൊന്ന് – സഭാപ്രവേശം തുള്ളലിനെ മുൻനിർത്തി ചർച്ച ചെയ്യുക.

3) 'കണ്ണുള്ളത് തുറക്കുവാൻ മാത്രമല്ല, അടയ്ക്കുവാൻ കൂടിയാണ്' – ഈ പ്രസ്താവന ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തിലേക്കുള്ള പ്രവേശകമായിത്തീരുന്നതെങ്ങനെ ? വിശകലനം ചെയ്യുക.

4) തെയ്യത്തെ അവിസ്മരണീയമായ ദൃശ്യാനുഭവമാക്കിത്തീർക്കുന്നതിൽ ചിത്രകലയ്ക്കുള്ള പങ്കിനെക്കുറിച്ച് ഉപന്യസിക്കുക.

II. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) കഥാപാത്രങ്ങളുടെ മാനസിക സഞ്ചാരങ്ങളെ ഗ്രഹിക്കുന്നതിൽ ഉണ്ണായി വാര്യർക്കുള്ള കഴിവ് അത്ഭുതാവഹമാണ്. – പുഷ്കരൻ എന്ന കഥാപാത്രത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

6) ഇന്ദ്രപ്രസ്ഥം കാണാൻ ചെന്ന ദുര്യോധനാദികൾക്ക് സംഭവിച്ച അബദ്ധങ്ങളെ നമ്പ്യാർ വർണ്ണിച്ചിരിക്കുന്നതെങ്ങനെ ? വിശദീകരിക്കുക.

7) കർണ്ണന്റെ ആത്മസംഘർഷങ്ങളെ കണ്ടെടുക്കുവാനാണ് കർണ്ണഭാരത്തിൽ ഭാസൻ ശ്രമിച്ചിരിക്കുന്നത്. സമർഥിക്കുക.

8) ശങ്കരൻകുട്ടി എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിശകലനം ചെയ്യുക.

9) 'ആ മനുഷ്യൻ നീ തന്നെ' എന്ന ശീർഷകം നാടകത്തിന്റെ കഥാവസ്തുവിനോട് എത്രമാത്രം ചേർന്നിരിക്കുന്നുവെന്ന് വിശകലനം ചെയ്യുക.

10) തെയ്യത്തിന്റെ മുഖത്തെഴുത്തിലെ ചിത്രകലാസ്വാധീനത്തെക്കുറിച്ച് കുറിപ്പെഴുതുക.

III. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) ''സൗവർണ്ണഹംസം ചെയ്തൊരു
സൗഹൃദമായതു സൗഹൃദമേ''– സന്ദർഭവും ആശയവും വ്യക്തമാക്കുക.

12) ദുര്യോധനനു സംഭവിച്ച അമളികണ്ട ഭീമന്റെ പ്രതികരണമെങ്ങനെയായിരുന്നു ?

13) യുദ്ധത്തെ സംബന്ധിച്ച് 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകം മുന്നോട്ടുവയ്ക്കുന്ന നിലപാടെന്ത് ?

14) ശങ്കരൻകുട്ടിയെ പക്വമതിയായി രൂപാന്തരപ്പെടുത്തിയ ജീവിത സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു ?

15) ബത്ഷേബ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

16) ''നിന്നസ്ത്രം ഫലിയായ്ക വേണ്ടളവിലെ –
ന്നെന്നെ ശപിച്ചീടിനാൻ''– സന്ദർഭവും ആശയവും വ്യക്തമാക്കുക.

IV. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1½=6)**

17) ആട്ടക്കഥ.

18) കുഞ്ചൻ നമ്പ്യാർ.

19) സി. ജെ. തോമസ്.

20) തിരക്കഥ.

21) കലിദ്വാപരന്മാർ.

22) രംഗപാഠം.

KANNUR UNIVERSITY